## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് നഗരസഭ - ടി.ബി.റോഡ്, ബിഗ്ബസാർ റോഡ് - ലിങ്ക് റോഡ് നിർമ്മാണം - 23.53 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവിൽ താലൂക്ക്, വില്ലേജ് ഇവ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടു വിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1900/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലായ് 4, 2008

---

<u>പരാമർശം:</u> 1. 02-11-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2975/07/ത.സ്വ.ഭ.വ.

2. സ്പെഷ്യൽ തഹസീൽദാർ, ലാന്റ് അക്വിസിഷൻ (ജനറൽ) നം.1, പാലക്കാട്-ന്റെ 06-06-2008-ലെ എ 780/07 നമ്പർ കത്ത്.

3. പാലക്കാട് നരസഭാ സെക്രട്ടറിയുടെ 16-06-2008-ലെ PW 6-1156/93 (പി.ഡി.എ) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സെൻട്രൽ DTP സ്കീം പ്രകാരം ടി.ബി.റോഡിനേയും ബിഗ് ബസാർ റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മാണത്തിനായി പാലക്കാട് നഗരസഭയിലെ പാലക്കാട് വാർഡ് 4, ബ്ലോക്ക് 16, സർവ്വേ നമ്പർ 853/1 സി1 (പി)യിൽപ്പെട്ടതും ശ്രീ.സഹസ്രനാമൻ എന്നയാളുടെ ഉടമസ്ഥതയിലുള്ളതുമായ 23.53 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ പ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി സർക്കാർ ഉത്തരവിൽ താലൂക്ക്, വില്ലേജ് എന്നിവയുടെ പേരുകൾ ചേർത്തിട്ടില്ലാ ത്തതിനാൽ ആയവ ഉൾപ്പെടുത്തിയ ഉത്തരവ് അടിയന്തിരമായി ലഭ്യമാക്കുവാൻ പരാമർശം (2) പ്രകാരം നിർദ്ദേശിക്കപ്പെട്ട സാഹചര്യത്തിൽ, സമയബന്ധിതമായി മേൽ പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് കോടതി വിധിയുള്ളതിനാൽ, അപ്രകാരമുള്ള സർക്കാർ ഉത്തരവ് എത്രയും വേഗം ലഭ്യമാക്കണമെന്ന് പാലക്കാട് നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാരുടെ പരാമർശം (2)-ലെ നിർദ്ദേശത്തിന്റേയും നഗരസഭാ സെക്ര ട്ടറിയുടെ പരാമർശം (3)-ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടി.ബി.റോഡ്

(മറുപുറം)

ബിഗ്ബസാർ റോഡുകളെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മാണത്തിനായി പാലക്കാട് താലൂക്കിൽ വില്ലേജ് 1, വാർഡ് 4, ബ്ലോക്ക് 16, സർവ്വേ നമ്പർ 853/1 സി1 (പി)യിൽപ്പെട്ടതും ശ്രീ.സഹസ്രനാമന്റെ ഉടമസ്ഥതയിലുള്ളതുമായ 23.53 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ പെടുത്തി അക്വയർ ചെയ്യുന്നതിന് പാലക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി ശ്യാമളകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, പാലക്കാട് നഗരസഭ.

ജില്ലാ കളക്ടർ, പാലക്കാട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radh

സെക്ഷൻ ഓഫീസർ.